(സി) ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായും ജീവനക്കാരുമായും കമ്മിറ്റി പലവട്ടം ചർച്ച ചെയ്ത ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഉദിക്കുന്നില്ല.

(ഡി) ഇത് സംബന്ധിച്ച് വകുപ്പുതല പരിശോധന നടത്തിവരികയാണ്.

തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒഴിവുകൾ

244 (3223) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഓവർസിയർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ ; ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം ' എ' ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.* മേൽ ഒഴിവുകൾ എല്ലാംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

245 (3224) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാവർഷവും ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly